പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1521 21.03.2012- ലെ മറുപടിക്ക്

സംസ്ഥാന സർക്കാരിന്റെ പ്രവാസി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) സംസ്ഥാന സർക്കാരിന്റെ പ്രവാസി ക്ഷേമനിധിയിൽ ആർക്കൊക്കെ അംഗങ്ങളാകാം; | (എ) വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചുവരുന്നവർക്കും, അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായം 18 നും 55 നും മദ്ധ്യേയായിരിക്കണം. |
| (ബി) പ്രവാസിക്ഷേമനിധിയിൽ ഇപ്പോൾ എത്രപേരാണ് അംഗങ്ങളായിട്ടുള്ളത്; | (ബി) ഫെബ്രുവരി 2012 വരെ 85,602 പേർ പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുത്തിട്ടുണ്ട്. |

(സി) അംഗങ്ങളായ എല്ലാവർക്കും അംഗത്വകാർഡും പാസ്ബുക്കും നൽകിയിട്ടുണ്ടോ;

(സി) 60,000 അംഗങ്ങൾക്ക് അംശദായ അടവുകാർഡ് നൽകിയിട്ടുണ്ട്.

(ഡി) അംഗങ്ങളായവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ല.

(ഇ) ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാത്ത എത്ര അപേക്ഷകൾ നിലവിലുണ്ട്; ഏത് തീയതിക്കകം ഇവ നൽകുമെന്ന് വ്യക്തമാക്കുമോ?

(ഇ) ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങൾക്കായുള്ള 55 അപേക്ഷകൾ അടുത്ത ബോർഡ് യോഗത്തിൽ പരിഗണിക്കുന്നതിനായി നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ